ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 25.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) **ദുരന്ത നിവാരണ ഭേദഗതി ബിൽ 2024 പാർലമെൻറ് പാസാക്കി. ധനകാര്യ ബില്ലിന് അംഗീകാരം നൽകി ലോക്സഭ. പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.**

   The Parliament has passed the Disaster Management (Amendment) Bill 2024 with Rajya Sabha approving it today. Lok Sabha passed the Finance Bill 2025. Both the houses of Parliament adjourned for the day.

2) **കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് സമാപനമായി. സ്വകാര്യ സർവകലാശാല ബിൽ പാസ്സാക്കി നിയമസഭ.**

   Budget Session of Kerala Assembly adjourned sine die. Assembly passed the Kerala State Private Universities Bill today.

3) **ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച സംയുക്ത സമിതിയുടെ കാലാവധി ദീർഘിപ്പിച്ച് പാർലമെൻറ്.**

   Parliament Extends Tenure of 'One Nation, One Election' Joint Committee Until Monsoon Session

4) ഇന്ത്യയെ സ്വയംപര്യാപ്തമാക്കുന്നതിൽ ന്യൂനപക്ഷങ്ങളുടെ സംഭാവന പ്രധാനമാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

Contribution of minorities will be substantial in making India a self-reliant nation by 2047. Minister for Minority Affairs Kiren Rijiju today said this while addressing a conference of state minorities in New Delhi.

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സ് പോരാട്ടം.

In IPL Cricket, Gujarat Titans clashes with Punjab Kings.

*****************

## LS - FINANCE BILL (INTRO)

2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ ബിൽ ലോക്സഭ ഇന്ന് പാസാക്കി. നികുതിദായകർക്ക് മുൻപില്ലാത്ത വിധത്തിലുള്ള ഇളവുകൾ ബില്ലിലൂടെ ഉറപ്പ് വരുത്തിയതായി ലോക്സഭയിൽ ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ധനമന്ത്രി നിർമലാ സീതാരാമൻ പറഞ്ഞു. വികസിത ഭാരതം എന്ന ലക്ഷ്യം 2047 ഓടെ കൈവരിക്കുന്നതിനുള്ള നിരവധി നടപടികളും ബില്ലിലൂടെ ഉറപ്പുവരുത്തുന്നു. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, അസംസ്കൃത വസ്തുക്കളുടെ തീരുവ കുറയ്ക്കുന്നതിലൂടെ കയറ്റുമതിത്തോത് ഉയർത്തുന്നതിനും ബിൽ പ്രാധാന്യം നൽകുന്നതായും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.
(ഹോൾഡ്)

*****************

## AMITSHAH- DISASTER (INTRO)

ദുരന്ത നിവാരണ ഭേദഗതി ബിൽ 2024

പാർലമെൻറ് പാസാക്കി. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ലോക്സഭ മുൻപ് തന്നെ പാസ്സാക്കിയ ബിൽ രാജ്യസഭ ഇന്ന് അംഗീകരിക്കുകയായിരുന്നു.

രാജ്യത്തെ ദുരന്ത പ്രതികരണ സംവിധാനങ്ങളും, ദുരന്ത നിവാരണ തയ്യാറെടുപ്പുകളും ബില്ലിലൂടെ കൂടുതൽ ശക്തിപ്പെടുത്തും. നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം ,

സമൂഹമാധ്യമങ്ങളിലൂടെയുള്ള ദുരന്തമുന്നറിയിപ്പുകൾ എന്നിവ ബിൽ വ്യവസ്ഥ ചെയ്യുന്നതായി രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു.

(ഹോൾഡ്)

*****************

## Boilers Bill 2024

ബോയിലേഴ്സ് ബിൽ 2024 പാർലമെൻറ് ഇന്ന് പാസാക്കി. രാജ്യസഭ മുൻപ് തന്നെ പാസ്സാക്കിയ ബില്ലിന് ലോക്സഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു. ബോയിലേഴ്സ് ഉപയോഗത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് ലക്ഷ്യമിടുന്ന ബിൽ, 1923 ലെ ബോയിലേഴ്സ് ചട്ടത്തിന് പകരമാണ് കൊണ്ടുവന്നത്.

എംഎസ്എംഇ മേഖലയിലെ ബോയിലർ ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബില്ലുകൾ പാസ്സാക്കിയ ശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

*****************

## LOSABHA PROTESTS

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള വിഹിതം കേന്ദ്രസർക്കാർ വിതരണം ചെയ്യുന്നില്ലെന്നാരോപിച്ച് ലോക്സഭയിൽ പ്രതിഷേധം ഉയർത്തി പ്രതിപക്ഷം . തമിഴ്നാട്, പശ്ചിമ ബംഗാൾ തുടങ്ങി പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് വിഹിതം തടഞ്ഞുവെയ്ക്കുന്നതായി ആരോപിച്ച് ഡിഎംകെ,കോൺഗ്രസ്, തൃണമൂൽ ഉൾപ്പെടെയുള്ള പ്രതിപക്ഷപാർട്ടികളാണ് രംഗത്തുവന്നത്. എന്നാൽ സംസ്ഥാനങ്ങളോട് കേന്ദ്രം വേർതിരിവ് കാട്ടുന്നില്ലെന്നും, പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ധനവിഹിതം അനുവദിക്കുമെന്നും കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ മറുപടി നൽകി.

******************

## LS – ONE NATION ONE ELECTION

'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്ന സംയുക്ത പാർലമെൻറ് സമിതിയുടെ കാലാവധി, പാർലമെന്റിന്റെ വർഷകാല സമ്മേളനം വരെ നീട്ടി. അടുത്ത സമ്മേളനത്തിന്റെ അവസാന ആഴ്ചയുടെ ആദ്യ ദിവസം വരെയാണ് കാലാവധി ദീർഘിപ്പിച്ചത്. ഇതുസംബന്ധിച്ച് സമിതി ചെയർമാൻ പി പി ചൗധരി അവതരിപ്പിച്ച പ്രമേയം ലോക്സഭ അംഗീകരിച്ചു.

******************

## NIYAMASABHA

ബജറ്റ് സമ്മേളനം പൂർത്തിയാക്കി കേരള നിയമസഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളന കാലയളവിൽ 22 ദിവസമാണ് സഭ കൂടിച്ചേർന്നത്. ഗവർണറുടെ നയപ്രഖ്യാപനത്തോടെ ആരംഭിച്ച സമ്മേളനം മൂന്ന് ഘട്ടങ്ങളായാണ് പൂർത്തിയാക്കിയത്.

സ്വകാര്യ സർവകലാശാല ബിൽ നിയമസഭ ഇന്ന് പാസാക്കി. സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്ത് പ്രവർത്തന അനുമതി നൽകുന്ന ബിൽ, ഉന്നതവിദ്യാഭ്യാസ രംഗത്തെ കാലാനുസൃതമായ മാറ്റം

ലക്ഷ്യമിട്ട്, വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷമാണ് തയ്യാറാക്കിയതെന്ന് മന്ത്രി ആർ ബിന്ദു വ്യക്തമാക്കി. സ്വകാര്യ സർവകലാശാലകളിൽ സർക്കാരിന്റെ നിയന്ത്രണം ഉറപ്പാക്കുമെന്നും മന്ത്രി നിയമസഭയിൽ ഉറപ്പുനൽകി. ബില്ലിനെ തത്വത്തിൽ എതിർക്കുന്നില്ലെന്ന് വ്യക്തമാക്കിയ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കച്ചവടത്തിനുള്ള സാധ്യതയാണ് സർക്കാർ തുറന്നുകൊടുക്കുന്നതെന്ന വിമർശനവും ഉന്നയിച്ചു. സാമ്പത്തിക, സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശിക്കുന്ന ഫീസ് ഇളവും സ്കോളർഷിപ്പും നൽകണമെന്ന പ്രതിപക്ഷത്തിന്റെ ഭേദഗതി നിർദ്ദേശം തള്ളിക്കൊണ്ടാണ് ബിൽ സഭ പാസാക്കിയത്.

******************

## Delhi budget

2025-26 കാലയളവിലെ ഡൽഹി ബജറ്റ് മുഖ്യമന്ത്രി രേഖാ ഗുപ്ത ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചു. വികസിത ഡൽഹി ലക്ഷ്യം വയ്ക്കുന്ന ബജറ്റ് എല്ലാ മേഖലകളിലും വളർച്ച ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. മൂലധന നിക്ഷേപം മുൻ വർഷത്തേതിൽ നിന്നും ഇരട്ടിയാക്കിയതിന് പുറമേ റോഡുകളുടെയും പാലങ്ങളുടെയും നിർമാണത്തിന് 3,843 കോടി രൂപയും, ചേരികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 696 കോടിയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

******************

## EVE. SHAH-JAMMU KASHMIR

കശ്മീരിലെ വിഘടനവാദം അടഞ്ഞ അധ്യായമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. കേന്ദ്രസർക്കാരിന്റെ നയങ്ങൾ ജമ്മു കശ്മീരിലെ വിഘടനവാദ പ്രസ്ഥാനങ്ങളെ ഇല്ലാതാക്കിയതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഹുറിയത്തുമായി ബന്ധപ്പെട്ട രണ്ട് സംഘടനകൾ വിഘടനവാദവുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കാൻ

തീരുമാനിച്ചതിനെ  സ്വാഗതം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

*****************

## RIJIJU-MINORITIES CONFERENCE

ഇന്ത്യയെ 2047-ഓടെ സ്വയംപര്യാപ്തമാക്കുന്നതിൽ ന്യൂനപക്ഷങ്ങളുടെ സംഭാവന പ്രധാനമാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ സംസ്ഥാന ന്യൂനപക്ഷ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, നൈപുണ്യ ശേഷി എന്നിവ വികസിപ്പിക്കുന്നതിനൊപ്പം, ക്ഷേമവും, തുല്യ അവസരങ്ങളും ഉറപ്പുവരുത്തണമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യനാണ് സമ്മേളനം ഇന്ന് രാവിലെ ഉദ്ഘാടനം ചെയ്യുത്.

*****************

## Wayanad K Rajan

വയനാട് ഉരുൾപൊട്ടൽ പുനരധിവാസ ടൗൺഷിപ്പിൻറെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തുടക്കം കുറിയ്ക്കും. എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമിക്കുന്ന ടൗൺഷിപ്പിനാണ് മുഖ്യമന്ത്രി തറക്കല്ലിടുന്നത്. അതേസമയം പുനരധിവാസവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ അപേക്ഷ  സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സംസ്ഥാന സർക്കാർ  ഈ മാസം 30 വരെ നീട്ടി.

*****************

## NHRC-TN

തൂത്തുക്കുടിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പതിനൊന്നാം ക്ലാസ് വിദ്യാർത്ഥി ആക്രമിക്കപ്പെട്ട സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ തമിഴ്നാട് DGPക്കും തൂത്തുക്കുടി ജില്ലാ കളക്ടർക്കും നോട്ടീസ് അയച്ചു. പരീക്ഷ എഴുതാൻ ബസിൽ യാത്ര ചെയ്യുന്നതിനിടെ

ഉയർന്ന ജാതിയിലുള്ള കുട്ടികൾ വിദ്യാർത്ഥിയെ ആക്രമിച്ചെന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ റിപ്പോർട്ട് തേടിയത്.

******************

## Mar Gregorios

യാക്കോബായ സഭയുടെ പുതിയ അധ്യക്ഷൻ ജോസഫ് മാർ ഗ്രിഗോറിയോസിൻറെ സ്ഥാനാരോഹണം ഇന്ന്. ഇന്ത്യൻ സമയം രാത്രി 08.30- ന് ലെബനനിലെ സെൻററ് മേരീസ് പാത്രിയർക്കാ കത്തീഡ്രലിൽ ആണ് സ്ഥാനാരോഹണ ശുശ്രൂഷ. ചടങ്ങിൽ പങ്കെടുക്കുന്നതിനായി മുൻ കേന്ദ്രമന്ത്രിമാരായ വി മുരളീധരൻ അൽഫോൻസ് കണ്ണന്താനം, ബെന്നി ബഹനാൻ എംപി, തുടങ്ങിയവർ ലെബനനിൽ എത്തി.

******************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സ് പോരാട്ടം. ടോസ് നേടിയ ഗുജറാത്ത്, പഞ്ചാബിനെ ബാറ്റിങ്ങിന് അയച്ചു. അഹമ്മദാബാദിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്.

******************

## 2ND YOGASANA CHAMPIONSHIP RESCHEDULE

ഏഷ്യൻ യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പ് രണ്ടാം പതിപ്പ് ന്യൂഡൽഹിയിൽ ഏപ്രിൽ 25 മുതൽ 27 വരെ നടക്കും. മാർച്ച് 29 മുതൽ നിശ്ചയിച്ചിരുന്ന ചാമ്പ്യൻഷിപ്പ് റമദാൻ മാസാചരണം, തയ്യാറെടുപ്പിനായി കൂടുതൽ സമയം വേണമെന്ന അന്താരാഷ്ട്ര ടീമുകളുടെ അഭ്യർത്ഥന എന്നിവ പരിഗണിച്ചാണ് മാറ്റിവച്ചത്. യോഗാസനം അന്താരാഷ്ട്ര തലത്തിൽ കായിക ഇനമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയമാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

******************

## ISRAEL-GAZA TOLL

ഗാസയിൽ ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ 23 പേർ കൊല്ലപ്പെട്ടു. ഹമാസിനെതിരെ ഇസ്രായേൽ ആക്രമണം പുനരാരംഭിച്ചതിനുശേഷം ഇതുവരെ 700-ഓളം പേർ കൊല്ലപ്പെട്ടതായി പലസ്തീൻ ആരോഗ്യ വിഭാഗം വ്യക്തമാക്കി.

******************

## INDIA AT UNSC ON PEACEKEEPERS

യു.എൻ സമാധാനപാലകർക്കെതിരായ കുറ്റകൃത്യങ്ങളിൽ നീതി ഉറപ്പാക്കണമെന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവ്വതനേനി ഹരീഷ് . ദൗത്യനിർവ്വഹണത്തിനിടെ രക്തസാക്ഷിത്വം വരിച്ച യുഎൻ സമാധാന സേനാംഗങ്ങളുടെ ആദരാർത്ഥം സ്മാരകം ഒരുക്കണമെന്നും അദ്ദേഹം ഇത് സംബന്ധിച്ച ചർച്ചയിൽ ആവശ്യപ്പെട്ടു.

******************

## AFGHAN-EDU BAN

അഫ്ഗാനിസ്ഥാനിൽ തുടർച്ചയായി മൂന്നാം വർഷവും പെൺകുട്ടികൾക്ക് സെക്കൻഡറി വിദ്യാഭ്യാസം നിഷേധിക്കുന്നത് വരുംതലമുറകളിൽ ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് താലിബാന് ഐക്യരാഷ്ട്രസഭയുടെ മുന്നറിയിപ്പ്. വിദ്യാഭ്യാസം നിഷേധിക്കുന്നത് വ്യക്തമായ അവകാശ ലംഘനമാണെന്നും യുഎൻ വനിതാ എക്സിക്യൂട്ടീവ് ഡയറക്ടർ സിമ ബഹൗസ് ചൂണ്ടിക്കാട്ടി. സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുന്നതിലൂടെ, 2066 ആകുമ്പോഴേക്കും അഫ്ഗാനിസ്ഥാന്റെ സമ്പദ്വ്യവസ്ഥയ്ക്ക് 9.6 ബില്യൺ ഡോളറിന്റെ നഷ്ടമുണ്ടാകുമെന്നാണ് വിദഗ്ദ്ധരുടെ വിലയിരുത്തൽ.

******************

## SENSEX- GOLD

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരിസൂചിക സെൻസെക്സ് 33 പോയിൻറ് ഉയർന്ന് 78,017- ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 10 പോയിൻറ് ഉയർന്ന് 23,669- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 65,480 രൂപയും ഗ്രാമിന് 8,185 രൂപയുമാണ് ഇന്നത്തെ വില.

*****************

*************

***

आकाशवाणी